# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 243 10.03.2017-ലെ മറുപടിക്ക്

### കരട് ദേശീയ വിദ്യാഭ്യാസ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.വി.ജോയി<br>ശ്രീ.കെ.ഡി.പ്രസേനൻ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കരട് ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ട് വയ്ക്കുന്ന പ്രധാന ആശയങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിരുന്നോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലെ സിലബസ് കേന്ദ്ര സർക്കാർ നിശ്ചയിക്കുംപോലെ തയ്യാറാക്കണമെന്ന നിബന്ധന സംസ്ഥാനങ്ങളുടെ അവകാശത്തിൻമേലുള്ള കടന്നുകയറ്റത്തോടൊപ്പം പിന്തിരിപ്പൻ ആശയങ്ങൾ കടത്തിവിടാനുള്ള നീക്കവുമാണെന്നിരിക്കെ ഈ നിർദ്ദേശത്തോട് സർക്കാർ പ്രതികരണം അറിയിക്കാമോ; ഇതു കേന്ദ്ര സർക്കാരിനെ അറിയിക്കാൻ നടപടിയുണ്ടാകുമോ; | (ബി) | സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിക്കുന്ന പാഠ്യപദ്ധതിയും പാഠപുസ്തകവുമാണ് സംസ്ഥാന സിലബസ്സ് പിന്തുടരുന്ന സ്കൂളുകളിൽ നടപ്പാക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും മറിച്ചൊരു നിർദ്ദേശം ഇതുവരെ സംസ്ഥാന സർക്കാരിന് ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>എന്നാൽ കേന്ദ്രസർക്കാർ ചർച്ചയ്ക്കായി പുറത്തുവിട്ടിട്ടുള്ള രേഖയിൽ ഇത്തരം നിർദ്ദേശമുണ്ട്. സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിക്കുന്ന പാഠ്യപദ്ധതിയായിരിക്കണം സ്കൂളുകളിൽ നടപ്പാക്കേണ്ടതെന്നാണ് സർക്കാർ നിലപാട്. |
| (സി) | ഒരു വശത്ത് വിദ്യാഭ്യാസ മേഖലയിൽ ആഗോള മൂലധനത്തെ ക്ഷണിച്ചു കൊണ്ടുവരാൻ വേണ്ട നിർദ്ദേശങ്ങളും അതോടൊപ്പം ഗുരുശിഷ്യ ബന്ധത്തിലൂന്നിയ വിദ്യാഭ്യാസ നയം രൂപീകരിക്കുകയും | (സി) | നവലിബറൽ കാഴ്ചപ്പാടുകൾക്കനുസൃതമായ നയങ്ങൾ ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ വരുന്ന ഘട്ടത്തിൽ അതിനെതിരായ നിലപാടാണ് ഈ സർക്കാരിന്റേത്. നമ്മുടെ കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. |

ചെയ്യണമെന്ന അശാസ്ത്രീയ നിർദ്ദേശങ്ങൾ തള്ളിക്കളയാൻ ആവശ്യപ്പെട്ടുമോ?

ജനാധിപത്യപരമായും ആധുനിക വിദ്യാഭ്യാസ രീതിക്കനുസൃതമായും വിദ്യാർത്ഥി അധ്യാപക ബന്ധം വികസിക്കണം എന്നതാണ് സർക്കാർ നിലപാട്.